**No. CEE/5302/LLM /2015/TA2**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എൽഎൽ.എം. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2015
## രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്
## ഓപ്ഷൻ കൺഫർമേഷന് വേണ്ടി വെബ്സൈറ്റ് സജ്ജമാകുന്നു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 5 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2015–16 വർഷത്തെ എൽഎൽ.എം കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **17.03.2016 (വ്യാഴാഴ്ച)** ആരംഭിക്കുന്നതാണ്.

അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതും, ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതുമാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം എന്നിവയ്ക്കായി **17.03.2016** മുതൽ **19.03.2016 വൈകുന്നേരം 3 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** നേരിട്ടോ തപാൽ/ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**വിശദമായ അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 17.03.2016 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ഓപ്ഷൻ റദ്ദാക്കൽ/ പുന:ക്രമീകരണം എന്നിവയ്ക്കായി വെബ്സൈറ്റ് സജ്ജമാകുന്നു |
| 19.03.2016 വൈകുന്നേരം 3 മണി | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ഓപ്ഷൻ റദ്ദാക്കൽ/ പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം അവസാനിക്കുന്നു |
| **20.03.2016** | **അവസാന ഘട്ട അലോട്ടുമെന്റ്** |
| **21.03.2016** മുതൽ **23.03.2016** | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **23.03.2016** വൈകുന്നേരം 5 ന് | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

എൽഎൽ.എം കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് **4** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

***നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല.***

23.03.2016 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ഏതെങ്കിലും സീറ്റുകൾ സർക്കാർ/സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ ഒഴിവുള്ള പക്ഷം അവ കോളേജ് അധികാരികൾ 31.03.2016–നോ അതിനു മുൻപായോ സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതാണ്. പത്ര–ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 16.7(b) ലെ വ്യവസ്ഥകൾക്ക് വിധേയമായി 31.03.2016 ന് മുൻപായി സ്പോട്ട് അഡ്മിഷൻ വഴി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് എല്ലാ കോളേജ് അധികാരികളെയും ഇതിനാൽ ചുമതലപ്പെടുത്തിക്കൊള്ളുന്നു. 23.03.2016 ന് ശേഷം സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ ഒഴിവുകൾ നിലവിലുള്ള പക്ഷം അവ സർക്കാർ മെരിറ്റ് സീറ്റുകളായി കണക്കാക്കി സ്പോട്ട് അഡ്മിഷൻ വഴി നികത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

**16.03.2016**

പ്രവേശന പരീക്ഷാ കമ്മീഷണർ